(എ) തിരുവനന്തപുരം വികസന അതോറിറ്റിയുടെ കീഴിൽ പാളയം വികസന പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഈ സ്ഥലം ഏതെങ്കിലും യുവജന രാഷ്ട്രീയ സംഘടനയ്ക്ക് രാഷ്ട്രീയാവശ്യത്തിനുള്ള താൽക്കാലികമോ സ്ഥിരമോ ആയ ഓഫീസ് പ്രവർത്തിപ്പിക്കുവാൻ എപ്പോഴെങ്കിലും അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സംഘടനയ്ക്കാണ് അനുവദിച്ചിരിക്കുന്നത്;

(ഡി) എത്ര സ്ഥലം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ സ്ഥലം എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാളയം വികസന പദ്ധതിക്കായി 6.5 ഏക്കർ സ്ഥലം തിരുവനന്തപുരം വികസന അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്.

(ബി)&(സി) ഇതിൽ നിന്നും ഒരു ചെറിയ ഭാഗം ഡി.വൈ.എഫ്.ഐ.യ്ക്ക് അഖിലേന്ത്യാ സമ്മേളനം നടത്തുന്നതിനോടനുബന്ധിച്ചുള്ള സ്വാഗത സംഘം ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി രണ്ടുമാസത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) 93 ച. മീറ്റർ തറ വിസ്തീർണ്ണമുള്ള സ്ഥലം നൽകിയിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് സ്ഥലം അനുവദിച്ചത്.

1. 15-2-2000 മുതൽ 15-4-2000 വരെ സ്ഥലം തീർത്തും താൽക്കാലികമായിട്ടാണ് അനുവദിച്ചിരിക്കുന്നത്.
2. മേൽപ്പറഞ്ഞ കാലയളവിലേയ്ക്ക് 500/- രൂപ തറ വാടക ഇനത്തിൽ അടയ്ക്കേണ്ടതാണ്.
3. സ്ഥലം സ്വാഗത സംഘം ഓഫീസിന് മാത്രമേ ഉപയോഗിക്കാവൂ. പ്രസ്തുത സ്ഥലത്ത് യാതൊരു വ്യത്യാസവും വരുത്താൻ പാടില്ല.
4. സ്വാഗതസംഘം ഓഫീസ് ഒഴിയുമ്പോൾ ട്രിഡയ്ക്ക് തൃപ്തികരമാംവിധം സ്ഥലം പൂർവ്വ സ്ഥിതിയിലാക്കി തിരിച്ചേൽപ്പിക്കേണ്ടതാണ്.
5. മറ്റാവശ്യങ്ങൾക്കോ, മറ്റുള്ളവർക്കോ സ്ഥലം മേൽവാടകയ്ക്ക് നൽകുവാൻ പാടില്ലാത്തതാണ്.

130 (2286) ട്രിഡയുടെ റോഡു വികസന പദ്ധതികൾ

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം വികസന അതോറിറ്റി ഏതെല്ലാം റോഡു വികസന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര മരങ്ങൾ മുറിക്കേണ്ടതായിവന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതികളിലാണ്; ആരെല്ലാം ലേലത്തിൽ പങ്കെടുത്തു;

(ഡി) എന്തു തുകയ്ക്കാണ് ഇവ ലേലത്തിൽ വിറ്റത്;

(ഇ) ഇവ ലേലം ചെയ്യാത്തപക്ഷം കാരണം അറിയിക്കാമോ;

(എഫ്) ഇവ ലേലം ചെയ്യുകയോ മറ്റു വിധത്തിൽ വിൽക്കുകയോ ചെയ്യാത്തപക്ഷം അവ ആരുടെ ഉത്തരവാദിത്വത്തിൽ എവിടെ സൂക്ഷിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം വികസന അതോറിറ്റി താഴെപ്പറയുന്ന റോഡ് വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

1. വെള്ളയമ്പലം - തൈക്കാട് റോഡ്
2. മസ്ക്കറ്റ് ഹോട്ടൽ - പി.എം.ജി. ജംഗ്ഷൻ റോഡ്
3. പാളയം - പാറ്റൂർ റോഡ്
4. കിള്ളിപ്പാലം - കരമന - പാപ്പനംകോട് റോഡ്
5. പൂന്നൻ റോഡ്

(ബി)(സി)&(ഡി) 1. വെള്ളയമ്പലം - തൈക്കാട് റോഡ് - മരങ്ങൾ മുറിച്ചു നീക്കിയത് പൊതുമരാമത്തു വകുപ്പാണ്. വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

2. മസ്ക്കറ്റ് ഹോട്ടൽ - പി.എം.ജി. ജംഗ്ഷൻ റോഡ്, പൂന്നൻ റോഡ് - മരങ്ങൾ മുറിക്കേണ്ടതായി വന്നിട്ടില്ല.

3. പാളയം - പാറ്റൂർ റോഡ്

ഇനം	ലേലതീയതി	തുക
പ്ലാവ്(1)	7-9-99	16,151.00
പ്ലാവ് (2)	4-1-2000	70,100.00
മാവ് (2)	4-1-2000	3000.00
പാഴ്മരങ്ങൾ(26)	4-1-2000	32,000.00
പാഴ്മരങ്ങൾ (8)	20-1-2000	4,300.00
പാഴ്മരങ്ങൾ (3)	27-1-2000	150.00

4. കിള്ളിപ്പാലം - കരമന - പാപ്പനംകോട് റോഡ്

തൈ തെങ്ങുകൾ (11) 5-2-2000 650.00

ചെറിയ പാഴ്മരങ്ങൾ (7)

(ലേലത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly